18/12/21

29/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ CP.No.1101(5)/18/SIC**

**തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No. 14794/SIC-G7/2018**

സന്നിഹിത
ശ്രീമതി ശ്രീലതപി.ആർ.,സംസ്ഥാനവിവരാവകാശ കമ്മീഷണർ

ശ്രീ. നസീർമോൻ. സി.ടി,
ചീരാൻതൊടിക ഹൗസ്,
പൂവ്വത്തിങ്കൽ പി.ഒ,
അരീക്കോട്, മലപ്പുറം - 673 639. — പരാതിഹർജിക്കാരൻ

The State Public Information Officer,
Islahiya Oriental Higher secondary School,
Edavanna P.O,
Malappuram, — Respondent

## ഉത്തരവ്

1. സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പ് പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. നസീർ മോൻ സി.ടി, 17.1.2.2018 ൽ സമർപ്പിച്ച പരാതിഹർജി 18.12.2018 ന് കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP No. 1101(5)/18/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.
2. പരാതി ഹർജിക്കാരൻ കമ്മീഷനെ ബോധിപ്പിച്ചത്, ടിയാൻ എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയ്ക്ക് വ്യക്തമായ മറുപടി ലഭിച്ചില്ലെന്നും ആയതിന് വ്യക്തവും തൃപ്തി കരവുമായ മറുപടി ലഭ്യമാക്കണമെന്ന ആക്ഷേപത്തിൻമേൽ നടപടി സ്വീകരിക്കണമെന്നുമാണ്.
3. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം പരാതി ഹർജിക്കാരൻ 26.09.2018 ൽ എസ്.പി.ഐ.ഒ മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്:-
   a. 2/2004 ഫയൽ നമ്പർ പ്രകാരം ടിയാന്റെയും ശ്രീമതി അസ്മാബി. വി .പി എന്നിവരുടെ സസ്പെൻഷനുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളുടെയും പകർപ്പുകൾ
   b. ടിയാനെതിരെ 14.02.2014 ന് മുമ്പായി എന്തെങ്കിലും തരത്തിലുള്ള അച്ചടക്കനടപടികൾ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ പൂർണ്ണ വിവരം

c. ശ്രീമതി അസ്മാബി. വി.പി എന്നവർക്കെതിരെ 14.02.2014 ന് മുമ്പായി എതെങ്കിലും തരത്തിലുള്ള അച്ചടക്കനടപടികൾ ഉണ്ടായിട്ടുണ്ടോ, ഉണ്ടെങ്കിൽ പൂർണ്ണ വിവരം എന്നിങ്ങനെയാണ്.

4. പരാതി ഫയലിൽ സ്വീകരിച്ചതിനെ തുടർന്ന് കമ്മീഷൻ ഇരുകക്ഷികളേയും നേരിൽ കേൾക്കാൻ നിശ്ചയിക്കുകയുണ്ടായി. 23.11.2020 തീയതി നടന്ന ഹിയറിംഗിൽ പരാതിഹർജിക്കാരൻ പങ്കെടുത്തിരുന്നു. എതിർകക്ഷി ഹാജരായിരുന്നില്ല. തുടർന്ന് പരാതിഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ നിന്നും പരാതിഹർജിക്കാരൻ വിവരാവകാശ അപേക്ഷ സമർപ്പിച്ചിട്ടുള്ളത് ഇസ്ലാമിയ ഓറിയന്റൽ ഹയർ സെക്കണ്ടറി സ്കൂൾ മാനേജർക്കാണ്. മാനേജർ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തതിനാൽ വിവരാവകാശ നിയമപ്രകാരം വിവരം നൽകുവാൻ നിർവ്വാഹമില്ല എന്ന് 24.10.2018 തീയതി പരാതിഹർജിക്കാരനെ അറിയിച്ചതായി കാണുന്നു. മാനേജരെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കിയിട്ടുള്ള സാഹചര്യത്തിൽ ഈ പരാതി ഹർജിയിൻമേൽ മറ്റ് നടപടികൾ ആവശ്യമില്ല എന്ന് വിലയിരുത്തി ഇന്നേ ദിവസം 2021 നവംബർ മാസം 29 -ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ഫിനാൻസ് എക്സ്പേർട്ട്

gs